LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ പ്രാക്ടീസ് നടത്തി എന്ന് ബോദ്ധ്യപ്പെട്ട ഡോക്ടർമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. കെ. മോഹൻദാസ് സ്വകാര്യ പ്രാക്ടീസ് നടത്തി രോഗികളിൽ നിന്നും പണം വാങ്ങിയെന്ന വാർത്തയെ തുടർന്ന് അദ്ദേഹത്തെ 9-7-2014-ലെ സ.ഉ.(സാധാ) നമ്പർ 2345/2014/ആകവ ഉത്തരവ് പ്രകാരം സൂപ്രണ്ടിന്റെ ചുമതലകളിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി യിട്ടുണ്ട്.

അംഗീകൃത ബ്ലഡ് ബാങ്കുകൾ

34 (8094) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത ബ്ലഡ് ബാങ്കുകളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ബ്ലഡ് ബാങ്കുകൾ രക്തം സ്വീകരിക്കുന്നതിന് മുമ്പായി എന്തൊക്കെ ടെസ്റ്റുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ബ്ലഡ് ബാങ്കുകളിൽനിന്ന് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവർക്കാണ് സൗജന്യമായി രക്തം നൽകുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 168 അംഗീകൃത ബ്ലഡ് ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഡോണർ ഫിറ്റ്നസ് ടെസ്റ്റാണ് ആദ്യമായി നടത്തുന്നത്. ദാതാവിന്റെ രോഗവിവരങ്ങൾ, നേരത്തെ രക്തം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം, രക്തംവഴിപകരുന്ന രോഗങ്ങളുണ്ടെങ്കിൽ അതിന്റെ സാധ്യത എന്നിവ രക്തം സ്വീകരിക്കുന്നതിനുമുമ്പ് ആരായാറുണ്ട്.

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾ, ഹീമോഫീലിയ രോഗികൾ, സിക്കിൾസെൽ അനീമിയ രോഗികൾ, ഗർഭിണികൾ, തലാസീമിയ രോഗികൾ തുടങ്ങിയവർക്ക് ഗവൺമെന്റ് ബ്ലഡ് ബാങ്കുകളിൽനിന്നും സൗജന്യമായി രക്തം നൽകുന്നുണ്ട്.

ദന്തരോഗങ്ങൾ

35 (8095) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ദന്തരോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ് എന്ന് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) തൃപ്തികരമായ ദന്തസുരക്ഷ രോഗികൾക്ക് ഉറപ്പാക്കുന്നതിനായി ആശുപത്രികളിൽ നൂതനവും അത്യാധുനികവുമായ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനായി 1-7-2011 മുതൽ 31-3-2014 വരെ എത്ര തുക ചെലവഴിച്ചു ; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും ദന്തഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആഹാര രീതികളിലും ജീവിത ശൈലികളിലും വന്നിട്ടുള്ള മാറ്റങ്ങളാണ് പ്രധാന കാരണങ്ങൾ. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിലും യുവജനങ്ങളിലും കണ്ടുവരുന്ന വർദ്ധിച്ച തോതിലുള്ള അടുത്ത ഉൽപ്പന്നങ്ങളുടെ ഉപയോഗം, ഫാസ്റ്റ് ഫുഡ് സംസ്കാരം തുടങ്ങിയവയും ദന്തരോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാണ്. കോഴിക്കോട് ദന്തൽ കോളേജിലും തിരുവനന്തപുരം ദന്തൽ കോളേജിലും ഇത് സംബന്ധിച്ച് പല ഗവേഷണങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ചില സർക്കാരിതര സംഘടനകൾ (നോൺ ഗവൺമെന്റ് ഓർഗനൈസേഷൻസ്) ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ദന്തരോഗങ്ങളെക്കുറിച്ചും ദന്തചികിത്സാ രീതിയെക്കുറിച്ചും കേരളത്തിലുള്ളവർക്ക് അവബോധം വർദ്ധിച്ചുവരുന്നുണ്ട്. ഇതിന് ദന്തൽ കോളേജുകളിൽനിന്നും ഇതര ചികിത്സാ കേന്ദ്രങ്ങളിൽനിന്നുമുള്ള ദന്തചികിത്സാ വിദഗ്ധന്മാരുടെ സേവനവും ഉപദേശവും നന്നായി സ്വാധീനം ചെലുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly